# കിതാബ്

ശമീം ചൂനൂർ



ഇതല്ലാതെ മറ്റൊരു മാർഗമില്ല
നിന്റെ മതത്തിന്റെ ചങ്കിന് പിടിക്കുമ്പോഴേ
ഞങ്ങൾക്ക് വോട്ട് കിട്ടൂ
നിന്റെ താടിക്ക് പിടിക്കുമ്പോൾ
പിന്തുണയും
തന്റേടമുള്ള നിന്റെ അക്ഷരപ്പുര
പൂട്ടി സീൽ ചെയ്താൽ
അധികാരവും
അതുകൊണ്ട് അധികാരത്തിന് മേൽ
ഒച്ചവെക്കുന്ന നിന്റെ വാക്കുകളെ
മരണം വരെ തൂക്കിലേറ്റും
നിന്റെ ചില കിതാബുകളെ
ഇരട്ട ജീവപര്യന്തത്തിന് ശിക്ഷിക്കും
ഇനി അക്ഷരപ്പുരയിലെ പെന്നും മഷിയും
വിചാരണത്തടവുകാരാവും
മറുചോദ്യം വേണ്ട
ഭീകരവാദത്തിന്റെ മാസ്റ്റർ ബ്രെയിൻ
നിന്റെ കിതാബുകൾ തന്നെ
അതിലെ അക്ഷരങ്ങളുടെ വക്കുതട്ടി
ഞങ്ങളുടെ മുറിവുണങ്ങുന്നില്ല
നിന്റെ കിതാബുകൾ
ഓതിയവരും കേട്ടവരും
രാജ്യദ്രോഹികൾ
ആയതിനാൽ നിന്റെ അക്ഷരങ്ങളെ
മരണം വരെ തൂക്കിക്കൊല്ലും
**കാരണം**
1. നിന്റെ മതത്തിന്റെ ചങ്കിന് പിടിക്കുമ്പോഴേ
ഞങ്ങൾക്ക് വോട്ട് കിട്ടൂ
2. നിന്റെ അക്ഷരങ്ങൾ അസവർണർക്ക്
ഇസ്‌ലാം പഠിപ്പിച്ചു

Vol. No: 70 Issue No. 20 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla